"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/6574/16(1)

ചാക്ക, തിരുവനന്തപുരം
തീയതി: 27.07.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് - ശാരീരിക/മാനസിക വൈകല്യമുള്ള ട്രെയിനികൾക്ക് സ്ക്രൈബിന്റെ സേവനം അനുവദിച്ച് നൽകുന്നത് - നടപടിക്രമങ്ങളിൽ മാറ്റം വരുത്തിയ വിവരങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഡി.ജി.റ്റി. യിൽ നിന്നുള്ള ഡി.ജി.ഇ.റ്റി. 18024/1/2012 റ്റി.റ്റി.സി (എം.ഐ.എസ്.സി) നമ്പരായുള്ള 12/06/2012 തീയതിയിലേയും ഡി.ജി.ഇ.റ്റി. 19(9)/2014 - സിഡി നമ്പരായുള്ള 22-5-2014 തീയതിയിലേയും കത്തുകൾ.

***************

ശാരീരിക/മാനസിക വൈകല്യമുള്ള ട്രെയിനികൾക്ക് സ്ക്രൈബിന്റെ സേവനത്തോടുകൂടി പ്രാക്ടിക്കൽ ഒഴികെയുള്ള എഴുത്ത് പരീക്ഷകൾ എഴുതുന്നതിന് സ്ക്രൈബിന്റെ സേവനം അനുവദിച്ചുകൊണ്ട് സൂചന പ്രകാരം ഡി.ജി.റ്റി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സ്ക്രൈബിന്റെ സേവനം ആവശ്യമായിട്ടുള്ള ട്രെയിനിയും സ്ക്രൈബായി നിശ്ചയിച്ചിട്ടുള്ള കുട്ടിയും ട്രെയിനിംഗ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതും പരീക്ഷ സ്ക്രൈബിന്റെ സേവനത്തോടുകൂടി എഴുതുന്നതിനുള്ള ഉത്തരവ് കൈപ്പറ്റണമെന്നുമാണ് നിർദ്ദേശിച്ചിരുന്നത്. ഇതിനായി ഐ.ടി.ഐ. യിലെ ട്രെയിനിയും സ്ക്രൈബായി നിശ്ചയിച്ചിട്ടുള്ള കുട്ടിയും തിരുവനന്തപുരത്തെ ഡയറക്ടറേറ്റിൽ ഹാജരാകേണ്ടി വരുന്നുണ്ട്. ശാരീരിക/മാനസിക വൈകല്യമുള്ള ട്രെയിനിയേയും സ്കൂളിൽ പഠിക്കുന്ന കുട്ടിയേയും കൂട്ടി വിവിധ ജില്ലകളിൽ നിന്നും തിരുവനന്തപുരത്ത് എത്തുന്നതിൽ ധാരാളം ബുദ്ധിമുട്ടുകൾ നേരിടുന്നതായി ബന്ധപ്പെട്ട രക്ഷകർത്താക്കൾ പരാതികൾ ഉന്നയിച്ചിരുന്നു. പ്രസ്തുത പരാതികൾ പരിഗണിച്ച് ശാരീരിക/മാനസിക വൈകല്യമുള്ള ട്രെയിനികൾക്ക് സ്ക്രൈബിന്റെ സേവനത്തോടുകൂടി പരീക്ഷ എഴുതുന്നതിനുള്ള നടപടി ക്രമങ്ങളിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തുന്നു.

1) ശാരീരിക മാനസിക വൈകല്യമുള്ള ട്രെയിനിയ്ക്ക് സ്ക്രൈബിന്റെ സേവനത്തോടു കൂടി പരീക്ഷ എഴുതുന്നതിന് വേണ്ടി പ്രസ്തുത ട്രെയിനികൾ അതത് സ്ഥാപന മേധാവികൾ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്ഥാപന മേധാവികൾ താഴെ പറയുന്ന രേഖകൾ കൂടി ടി ട്രെയിനിയിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

a) ടിയാന് ശാരീരിക/മാനസിക വൈകല്യമുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്.

b) സ്ക്രൈബിന്റെ സേവനം ആവശ്യപ്പെടുന്ന ട്രെയിനിയുടെ രക്ഷകർത്താവിന്റെ അപേക്ഷ.

c) സ്ക്രൈബായി നിശ്ചയിച്ചിട്ടുള്ള കുട്ടി പഠിക്കുന്ന സ്കൂളിലെ മേലധികാരി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ ഒട്ടിച്ച സർട്ടിഫിക്കറ്റ്. (ടി സർട്ടിഫിക്കറ്റിൽ ടി കുട്ടി ഏത് സ്റ്റാൻഡേർഡിലാണ് പഠിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.)

(സ്കൈക്രബായി നിശ്ചയിച്ചിരിക്കുന്ന കുട്ടിയുടെ വിദ്യാഭ്യാസ യോഗ്യത ഐ.ടി.ഐയിൽ പ്രസ്തുത ട്രെയിനി ഏത് ട്രേഡിലാണോ അഡ്മിഷനായത് ടി ട്രേഡിന്റെ അടിസ്ഥാന യോഗ്യതയിൽ കവിയാൻ പാടില്ല. ഉദാഹരണമായി ടിയാൻ മെട്രിക്ക് ട്രേഡിലാണ് അഡ്മിഷനായതെങ്കിൽ സ്ക്രൈബായി നിശ്ചയിച്ചിരിക്കുന്ന കുട്ടിയുടെ വിദ്യാഭ്യാസ യോഗ്യത പരാമധി 10-ാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുന്നതായിരിക്കണം).

d) സ്ക്രൈബായി നിശ്ചയിച്ചിരിക്കുന്ന കുട്ടിയുടെ രക്ഷകർത്താവിന്റെ സമ്മതപത്രവും ടി കുട്ടിയുടെ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും.

e) 100/- രൂപ മുദ്രപത്രം. (ടി മുദ്രപത്രത്തിൽ എഴുതേണ്ട സത്യപ്രസ്താവനയുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള മാതൃകയിൽ ഉൾപ്പെടുത്തുന്നു. ആയത് സ്ക്രൈബ് ആവശ്യപ്പെടുന്ന ട്രെയിനിയുടെ രക്ഷകർത്താവ് എഴുതി തയ്യാർ ചെയ്ത് കൈമാറേണ്ടതാണ്).

മുകളിൽ പറഞ്ഞിട്ടുള്ള രേഖകൾ എല്ലാം കൈപ്പറ്റി ടി രേഖകളും സ്ഥാപനമേധാവിയുടെ ശുപാർശയും സഹിതം അതത് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മേൽനടപടികൾക്കായി ബന്ധപ്പെട്ട സ്ഥാപനമേധാവികൾ കൈമാറേണ്ടതാണ്.

2) തങ്ങളുടെയും തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിർ നിന്നും ശാരീരിക/മാനസിക വൈകല്യമുള്ള ട്രെയിനികൾക്ക് സ്ക്രൈബിന്റെ സേവനത്തോടു കൂടി പരീക്ഷ എഴുതുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളിൻമേൽ തീരുമാനം എടുക്കുന്നതിനായി പ്രിൻസിപ്പാൾ/ വൈസ്പ്രിൻസിപ്പാൾ, സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട്, ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ട്രേഡ് ഇൻസ്ട്രക്ടർ എന്നിവരടങ്ങിയ ഒരു സ്ഥിരം സമിതിയെ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ രൂപീകരിക്കേണ്ടതാണ് (ആർ.ഐ. സെന്ററുകളിൽ ട്രെയിനിംഗ് ഓഫീസർ, ജെ.എ.എ.(റ്റി), ജെ.എ.എ. (എൻ.റ്റി.)/ഹെഡ് ക്ലാർക്ക് എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കണം). ബന്ധപ്പെട്ട സ്ഥാപനങ്ങളിലെയും തങ്ങളുടെ സ്ഥാപനങ്ങളിലെയും ഇത്തരം അപേക്ഷകൾ ടി കമ്മിറ്റി പരിശോധിക്കേണ്ടതും മുകളിൽ പറഞ്ഞിട്ടുള്ള രേഖകൾ എല്ലാം

സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പായതിന് ശേഷം ടി ട്രെയിനിയോട്, രക്ഷകർത്താവ്, സ്ക്രൈബായി നിയോഗിച്ചിരിക്കുന്ന കുട്ടി എന്നിവരൊന്നിച്ച് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകാനുള്ള അറിയിപ്പ് നൽകാൻ അതത് സ്ഥാപനമേധാവികൾക്ക് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്. ഇത്തരത്തിൽ ഹാജരാകുന്ന കുട്ടിയും സ്കൂളിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള സർട്ടിഫിക്കറ്റിലെ ഫോട്ടോയിലെ കുട്ടിയും ഒന്ന് തന്നെയാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഇത്തരത്തിൽ ടി ട്രെയിനിയ്ക്ക് സ്ക്രൈബിന്റെ സേവനത്തോടുകൂടി എഴുത്ത് പരീക്ഷ എഴുതാനുള്ള തീരുമാനം എടുക്കേണ്ടതും ടി തീരുമാനം മിനിട്ട്സായി പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ടി രജിസ്റ്റർ ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ടി തീരുമാന പ്രകാരം പ്രസ്തുത ട്രെയിനിക്ക് പ്രാക്ടിക്കൽ ഒഴികെയുള്ള വിഷയങ്ങൾ എഴുതുന്നതിന് സ്ക്രൈബിന്റെ സേവനം അനുവദിച്ചു കൊണ്ടുള്ള വ്യക്തമായ നടപടിക്രമം നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ പുറപ്പെടുവിക്കേണ്ടതുമാണ്. കൂടാതെ സ്ക്രൈബായി നിശ്ചയിച്ചിരിക്കുന്ന കുട്ടിയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയതും ടിയാന്റെ ഫോട്ടോ പതിച്ചതുമായ ഒരു സർട്ടിഫിക്കറ്റും തയ്യാറാക്കേണ്ടതാണ്. ടി നടപടിക്രമവും സർട്ടിഫിക്കറ്റും ടി ട്രെയിനിക്ക് കൈമാറേണ്ടതുമാണ്. ടി ട്രെയിനിക്ക് പ്രത്യേകം സൗകര്യം പരീക്ഷാ ഹാളിൽ ഏർപ്പെടുത്തി നൽകണമെന്ന നിർദ്ദേശം സെന്ററിലെ ചീഫ്/അഡിഷണൽ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ടതാണ്. ട്രെയിനികൾക്ക് സ്ക്രൈബിന്റെ സേവനത്തോടു കൂടി പരീക്ഷ എഴുതുന്നതിന് അനുമതി നൽകിയത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

ടി നടപടിക്രമങ്ങൾ എല്ലാം തന്നെ പാലിച്ചുകൊണ്ട് ശാരീരിക/മാനസിക വൈകല്യമുള്ള ട്രെയിനികൾക്ക് പരീക്ഷ എഴുതുന്നതിന് സ്ക്രൈബിന്റെ സേവനം അനുവദിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം: സത്യപ്രസ്താവനയുടെ മാതൃക

എല്ലാ ഗവ/എസ്.സി.ഡി.ഡി/എസ്.ടി.ഡി.ഡി/
പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്
വകുപ്പ് വെബ്സൈറ്റിലേക്ക്

കുറിപ്പ്:- ജി1/35222/14 നമ്പരായുള്ള 24-12-2014 ലെ ചുറ്ററിയിപ്പ് പ്രകാരം നോഡൽ ഐ.ടി.ഐ. കളെ പുനക്രമീകരിച്ചിരുന്നു. ടി നോഡൽ ഐ.ടി.ഐ. കളിലാണ് സ്ക്രൈബിന്റെ സേവനത്തിന് വേണ്ടിയുള്ള അപേക്ഷകൾ സ്ഥാപനമേധാവികൾ കൈമാറേണ്ടതും ടി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരാണ് സ്ക്രൈബിന്റെ സേവനം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും.

എസ്സ്/28.07

## 100/- രൂപ മുദ്രപത്രത്തിൽ എഴുതി തയ്യാറാക്കേണ്ട സത്യപ്രസ്താവന മാതൃക

# സത്യപ്രസ്താവന

................................... ഐ.ടി.ഐ യിൽ (ഐ.ടി.ഐയുടെ പേര്) ............................... ട്രേഡിൽ പഠിക്കുന്ന എന്റെ മകനായ ............................. എന്ന ട്രെയിനിക്ക് ......................... വൈകല്യമുള്ളതിനാൽ (ട്രെയിനിയുടെ ഭിന്നശേഷിയുടെ വിവരങ്ങൾ) ...................... മുതൽ നടക്കുന്ന ......................... പരീക്ഷയ്ക്ക് പ്രാക്ടിക്കൽ ഒഴികെയുള്ള വിഷയങ്ങൾ എഴുതുന്നതിന് ഒരു സ്ക്രൈബിന്റെ സേവനം ആവശ്യമായിട്ടുണ്ട്. ഡി.ജി.റ്റിയുടെ 18024/1/2012 റ്റി.റ്റി.സി/ എം.ഐ.എസ്.സി നമ്പരായുള്ള 12-06-12 തീയതി പ്രകാരമുള്ള കത്തിലെ നിർദേശങ്ങൾക്ക് വിധേയമായി ..................... (സ്ക്രൈബായി നിശ്ചയിച്ചിരിക്കുന്ന കുട്ടിയുടെ വിവരങ്ങളും ടിയാൻ പഠിക്കുന്ന സ്കൂളിലെ വിവരങ്ങളും) നെയാണ് സ്ക്രൈബായി നിശ്ചയിച്ചിരിക്കുന്നത്. ടിയാന്റെ യോഗ്യതയിലും മറ്റ് വിവരങ്ങളിലും അപാകത പിന്നീട് കണ്ടെത്തുകയാണെങ്കിൽ എന്റെ മകന്റെ പരീക്ഷാ ഫലം റദ്ദ് ചെയ്യുന്നതിന് ഞാൻ ഇതിനാൽ പൂർണ്ണമായും സമ്മതിച്ചിരിക്കുന്നു.

സ്ഥലം:
തീയതി:

എന്ന്
രക്ഷകർത്താവിന്റെ പേര്:
ഒപ്പ്:

എസ്സ്/28.07